# ജാമിഅ മഹ്റജാൻ

## 2025-2026

ഉന്നത മതവിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ വിവിധ പദ്ധതികൾ ആവിഷ്‌കരിക്കുന്നു. പഠിതാവിന്റെ വൈജ്ഞാനിക പുരോഗതിക്കും ദഅ്‌വ മേഖലയിലെ നിർമ്മാണാത്മക മികവിനും ഉപയുക്തമായ നൈപുണികൾ രൂപപ്പെടാനുള്ള മാധ്യമമാണ് ജാമിഅ മഹ്റജാൻ.

വ്യത്യസ്ത വിഭാഗങ്ങളിലായി അറുപത് ഇനം മത്സരങ്ങൾ ഫെസ്റ്റിലുണ്ട്. ഈ നിയമാവലി മത്സരങ്ങളെ സംബന്ധിച്ച അവബോധം നൽകും. കുല്ലിയ്യകളും ദാഇറകളും ശ്രദ്ധയോടെയും ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കുമ്പോഴാണ് മഹ്റജാൻ വിജയിക്കുക. അല്ലാഹു തൗഫീഖ് ചെയ്യട്ടെ. ആമീൻ.

### ലക്ഷ്യങ്ങൾ

- » വിദ്യാർത്ഥികളുടെ വൈജ്ഞാനിക പുരോഗതി
- » കിതാബുകൾ സൂക്ഷ്മമായി മുത്വാലഅ ചെയ്യുന്നതിനുള്ള അവസരം
- » അറിവുകൾ പ്രയോഗിക്കുന്നതിൽ പരിശീലനം.
- » ദഅ്‌വ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കഴിവുകൾ പരിപോഷിപ്പിക്കുക.
- » വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സംഘാടന ശേഷിയുടെ വളർച്ച.

### വിഭാഗങ്ങൾ

إعدادية (Preparatory): ജാമിഅയുടെ HSISc (3 Year) കോഴ്സിലെ ആദ്യ രണ്ട് വർഷ വിദ്യാർത്ഥികൾ, SISc കോഴ്സിലെ മുഴുവൻ വർഷങ്ങളിലെയും വിദ്യാർത്ഥികൾ

ابتدائية (Primary):ജാമിഅയുടെ HSISc (2 Year) കോഴ്സിലെ മുഴുവൻ വർഷങ്ങളിലെയും വിദ്യാർത്ഥികൾ, HSISc (3 Year) കോഴ്സിലെ മൂന്നാം

വർഷ വിദ്യാർത്ഥികൾ.

متوسطة (Junior):ജാമിഅയുടെ BS, BD കോഴ്സുകളിലെ ആദ്യ മൂന്ന് വർഷങ്ങളിലെ വിദ്യാർത്ഥികൾ.

عالية (Senior): ജാമിഅയുടെ BS, BD കോഴ്സുകളിലെ നാല്, അഞ്ച് വർഷങ്ങളിലെ വിദ്യാർത്ഥികളും മുത്വവ്വൽ കോഴ്സിലെ മുഴുവൻ വിദ്യാർത്ഥികളും.

## തലങ്ങൾ

കുല്ലിയ്യ, ദാഇറ, ജാമിഅ.

## പ്രവേശനം

ജാമിഅതുൽ ഹിന്ദ് അൽ ഇസ്ലാമിയ്യയുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിലെ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്കാണ് പ്രവേശനം. മത്സരത്തിന്റെ രജിസ്ട്രേഷൻ ജാമിഅ നൽകുന്ന സോഫ്റ്റ് വെയർ മുഖേനയാണ് പൂർത്തിയാക്കേണ്ടത്. ഇഅ്ദാദിയ്യ വിഭാഗത്തിലെ മത്സരങ്ങൾ ദാഇറ തലം വരെ മാത്രമായിരിക്കും.

## ഫീസ്

ജാമിഅ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ദാഇറകൾ ഒരു മത്സരാർത്ഥിക്ക് 100 രൂപ വീതം നൽകേണ്ടതാണ്.

## വിധി നിർണ്ണയം

യോഗ്യതയുള്ള വിധികർത്താക്കളെ ഓരോ തലങ്ങളും നിശ്ചയിക്കേണ്ടതാണ്. ജാമിഅ നിഷ്കർഷിക്കുന്ന മൂല്യനിർണ്ണയ ഉപാധികൾ മാനദണ്ഡമാക്കിയാണ് മൂല്യനിർണയം നടക്കേണ്ടത്.

വിധികർത്താക്കളെ നിശ്ചയിക്കാനുള്ള സമ്പൂർണ അധികാരം ഓരോ തലത്തിന്റെയും പ്രോഗ്രാം കമ്മറ്റിക്കാണ്.

## ഫല പ്രഖ്യാപനം

ഓരോ മത്സരവും പൂർത്തിയായി അര മണിക്കൂറിന് ശേഷമേ ഫലപ്രഖ്യാപനം നടത്താവൂ. അവസാന മത്സരത്തിന് ഇത് ബാധകമല്ല.

## കലാപ്രതിഭ

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മത്സരാർത്ഥിയെ "نجم المهرجان"ആയി തിരഞ്ഞെടുക്കണം. നജ്മുൽ മഹ്റജാൻ ഓരോ വിഭാഗത്തിനും പ്രത്യേകം കണ്ടെത്തേണ്ടതാണ്. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുല്ലിയ്യയെ "كوكب الكليات" ആയി തിരഞ്ഞെടുക്കണം.

## പരാതികൾ, പരിഹാരങ്ങൾ

» വിധികർത്താക്കളുടെ തീരുമാനം അന്തിമമാണ്. പരാതിയുണ്ടെങ്കിൽ ഫലം പ്രഖ്യാപിച്ച് 30 മിനുട്ടിനുള്ളിൽ (അവസാന മത്സരത്തിന് പത്ത് മിനുട്ട്) നിശ്ചിത സംഖ്യ (ദാഇറ മത്സരത്തിന് 500, ജാമിഅ മത്സരത്തിന് 1000) നൽകി പ്രോഗ്രാം കമ്മിറ്റി കൺവീനർക്ക് അപ്പീൽ നൽകാം. ടീം മാനേജറാണ് പരാതി നൽകേണ്ടത്.

» കുല്ലിയ്യ, ദാഇറ, ജാമിഅ മത്സരങ്ങളിൽ ക്രമക്കേട് ബോധ്യപ്പെടുകയും അത് ടീമിന്റെയോ ടീം മാനേജറുടെയോ അറിവോടെയാണെന്ന് വ്യക്തമാവുകയും ചെയ്താൽ ടീമിന് ലഭിച്ച പോയിന്റിന്റെ 25 ശതമാനം കുറക്കുന്നതാണ്.

» പരാതി സംബന്ധമായ തീരുമാനം എടുക്കാനുള്ള അധികാരം അതതു പ്രോഗ്രാം കമ്മിറ്റിക്കായിരിക്കും.

» ടീം മാനേജർ മാത്രമാണ് അപ്പീൽ കാര്യങ്ങളിൽ ഇടപെടേണ്ടത്.

» പരാതി ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ടവരോട് അന്വേഷണം നടത്തുന്നതും സത്യമാണെന്ന് തെളിഞ്ഞാൽ മത്സരത്തിൽ നിന്ന് നീക്കം ചെയ്യൽ, നേരത്തെ മത്സരിച്ച ഇനങ്ങളിലെ പോയിന്റുകൾ ക്യാൻസൽ ചെയ്യൽ അടക്കമുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## പൊതു നിയമങ്ങൾ

» മത്സരങ്ങൾക്ക് മൊബൈൽ ഫോൺ പോലുള്ള ടെക്നോളജി സംവിധാനങ്ങൾ ഉപയോഗിക്കരുത്.

» രചനകൾ മൗലികമായിരിക്കണം. ചോരണമോ, പകർത്തെഴുത്തോ

കണ്ടെത്തിയാൽ നിരുപാധികം രചന ക്യാൻസൽ ചെയ്യും. ഒരു വർഷം മത്സരത്തിൽ നിന്ന് മാറ്റി നിർത്തുന്നതുമാണ്

» ഒരു മത്സരാർത്ഥി ഒരു കുല്ലിയ്യയിൽ/ദാഇറയിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

» ഒരു മത്സരാർത്ഥി പരമാവധി മൂന്ന് ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.

» **ദാഇറതല മത്സരത്തിൽ വിജയിച്ച മത്സരാർത്ഥികൾക്ക് മാത്രമേ ജാമിഅതല മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ. ആൾ മാറാട്ടം കണ്ടെത്തപ്പെട്ടാൽ, പ്രസ്തുത മത്സരഫലം റദ്ദാക്കപ്പെടും**

## കുല്ലിയ്യ മത്സരങ്ങൾ

കുല്ലിയ്യകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് രണ്ടോ അതിൽ കൂടുതലോ ഗ്രൂപ്പുകളായി തിരിച്ച് മത്സരം നടത്തണം. കുല്ലിയ്യ മത്സരത്തിലെ വിജയികളെ മാത്രമേ ദാഇറ മത്സരങ്ങൾക്ക് തിരഞ്ഞെടുക്കാവൂ. കുല്ലിയ്യകളിലെ മത്സരങ്ങളുടെ നടത്തിപ്പ് ചുമതല ഉസ്താദുമാർക്കായിരിക്കും. ചുമതലകൾ പ്രിൻസിപ്പാൾ വിഭജിച്ച് നൽകണം.

## ദാഇറ മത്സരങ്ങൾ

ദാഇറയിലെ മത്സരങ്ങളുടെ ചുമതല ദാഇറ കമ്മിറ്റിക്കാണ്. ദാഇറ കമ്മിറ്റിക്കു കീഴിൽ പ്രോഗ്രാംകമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്. മത്സര നടത്തിപ്പ്, ആവശ്യമായ റെക്കോഡുകൾ തയ്യാറാക്കൽ, ജഡ്ജസിനെ നിയോഗിക്കൽ, പ്രചാരണം, രജിസ്ട്രേഷൻ നടപടികൾ, മത്സര സംബന്ധമായ പരാതികൾ പരിഹരിക്കൽ ഇവ പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലയാണ്.

## പ്രചാരണം

ഇ-പോസ്റ്റർ, വിവിധ മീഡിയകൾ, പത്രങ്ങൾ എന്നിവയിലൂടെ മത്സരങ്ങളുടെ പ്രചാരണം സജീവമാക്കണം. പരിപാടി നടക്കുന്ന വേദി അലങ്കരിക്കൽ, ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ചെലവ് ചുരുങ്ങിയ രീതിയിൽ മനോഹരമായി നിർവഹിക്കണം.

# ❖ മത്സരയിനങ്ങൾ ❖

## ◈ إعدادية ◈


| S.No | മത്സരയിനം | Page No | S.No | മത്സരയിനം | Page No |
|---|---|---|---|---|---|
| 1. | ക്വിസ് | **15** | 6. | ഇംലാഅ് | **22** |
| 2. | മാതൃഭാഷ പ്രസംഗം | 16 | 7. | ഹാൻഡ് റൈറ്റിംഗ് | **23** |
| 3. | അറബി നശീദ | 16 | 8. | ഹിഫ്ളുൽ ഖുർആൻ | **24** |
| 4. | ഖിറാഅത്ത് | 16 | 9. | വായന മത്സരം | **22** |
| 5. | പദക്കളരി | **17** | | | |


## ◈ ابتدائية ◈


| S.No | മത്സരയിനം | Page No | S.No | മത്സരയിനം | Page No |
|---|---|---|---|---|---|
| 1. | സ്വർഫ് ടെസ്റ്റ് | **10** | 7. | വായന മത്സരം | **22** |
| 2. | നഹ്വ് ടെസ്റ്റ് | **12** | 8. | ഇംലാഅ് | **22** |
| 3. | അറബി പ്രസംഗം | **15** | 9. | ഹാൻഡ് റൈറ്റിംഗ് | **23** |
| 4. | ക്വിസ് | **15** | 10. | ഹിഫ്ളുൽ മുതൂൻ | **23** |
| 5. | പദക്കളരി | 17 | 11. | ഹിഫ്ളുൽ ഖുർആൻ | **24** |
| 6. | പേപ്പർ പ്രസന്റേഷൻ | 17 | 12. | അറബിക് നശീദ | 16 |

# ◈ متوسطة ◈


| S.No | മത്സരയിനം | Page No | S.No | മത്സരയിനം | Page No |
|---|---|---|---|---|---|
| 1. | അൽഫിയ ടെസ്റ്റ് | 8 | 11. | വായന മത്സരം | **22** |
| 2. | സ്പോക്കൺ ട്രാൻസ്ലേഷൻ (അറബിക്) | **14** | 12. | ബലാഗ ടെസ്റ്റ് | **22** |
| 3. | സ്പോക്കൺ ട്രാൻസ്ലേഷൻ (ഇംഗ്ലീഷ്) | **14** | 13. | ഹിഫ്ളുൽ മുതൂൻ | **23** |
| 4. | അറബി പ്രസംഗം | **15** | 14. | ശർഹുൽ മുതൂൻ | **24** |
| 5. | ഉർദു പ്രസംഗം | 16 | 15. | ഡോക്യുമെന്ററി പ്രസന്റേഷൻ | **25** |
| 6. | ക്വിസ് | **15** | 16. | അറബിക് നശീദ | 16 |
| 7. | ബുക്ക് റിവ്യൂ | 18 | 17. | പേപ്പർ പ്രസന്റേഷൻ | 17 |
| 8. | ബുക്ക് ക്രിറ്റിസിസം | 19 | 18. | അറബിക് കവിതാ രചന | 18 |
| 9. | ബുക്ക് റൈറ്റിംഗ് | **20** | 19. | ന്യൂസ് റീഡിംഗ് | **20** |
| 10. | റിട്ടൺ ട്രാൻസ്ലേഷൻ | **21** | | | |

# ◈ عالية ◈


| S.No | മത്സരയിനം | Page No | S.No | മത്സരയിനം | Page No |
|---|---|---|---|---|---|
| 1. | മുനാളറ | **13** | 11. | റിട്ടൺ ട്രാൻസ്ലേഷൻ | **21** |
| 2. | സ്പോക്കൺ ട്രാൻസ്ലേഷൻ (അറബിക്) | **14** | 12. | വായന മത്സരം | **22** |
| 3. | സ്പോക്കൺ ട്രാൻസ്ലേഷൻ (ഇംഗ്ലീഷ്) | **14** | 13. | ബലാഗ ടെസ്റ്റ് | **22** |
| 4. | ക്വിസ് | **15** | 14. | ഹിഫ്ളുൽ മുതൂൻ | **23** |
| 5. | അറബി പ്രസംഗം | **15** | 15. | ശർഹുൽ മുതൂൻ | **24** |
| 6. | ഉർദു പ്രസംഗം | 16 | 16. | ഡോക്യുമെന്ററി പ്രസന്റേഷൻ | **25** |
| 7. | ബുക്ക് റിവ്യൂ | 18 | 17. | പേപ്പർ പ്രസന്റേഷൻ | 17 |
| 8. | ബുക്ക് ക്രിറ്റിസിസം | 19 | 18. | അറബിക് കവിതാ രചന | 18 |
| 9. | ബുക്ക് റൈറ്റിംഗ് | **20** | 19. | ഐഡിയൽ ഡയലോഗ് | **20** |
| 10. | ഇഫ്താഅ് | **21** | 20. | ന്യൂസ് റീഡിംഗ് | **20** |

# ❖ മത്സരയിനങ്ങൾ ❖

## ▫ അൽഫിയ ടെസ്റ്റ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | متوسطة | **ചോദ്യ സമയം :** | അര മിനിറ്റ് |
| **ഉത്തര സമയം :** | **ഒരു** മിനിറ്റ് | **ഭാഗം :** | من باب المعرب والمبني إلى باب إعمال المصدر (410 بيتا) |

അൽഫിയയിലെ പ്രസ്തുത ഭാഗത്തിലെ നിയമങ്ങളോ മസ്അലകളോ ഉന്നയിച്ചതിന് ശേഷം അത് സംബന്ധിയായി പ്രതിപാദിക്കുന്ന ബൈത്തുകൾ ചൊല്ലാൻ ആവശ്യപ്പെടുക, ബൈത്തുകൾ പാടി അതിലെ മസ്അലയോ ഖാഇദയോ വിശദീകരിക്കാൻ പറയുക, ഒരു ശാഹിദ് മാത്രമുള്ളതും ആ ശാഹിദ് പറയാൻ വേണ്ടി മാത്രം ശാരിഹ് കൊണ്ട് വന്നതുമായ ശാഹിദ് ബൈത്തോ ആയത്തുകളോ ഉദ്ധരിച്ച് ശാഹിദ് വിശദീകരിക്കാൻ പറയുക, ബൈത്തുകളുടെ ഇഅ്റാബ് പറയാനോ മത്നിലെയോ ശർഹിലെയോ ഇബാറത് ഹല്ല് ചെയ്യാനോ ആവശ്യപ്പെടുക, ഇൽമുന്നഹ്‌വിലെ നിയമങ്ങളോ മസ്അലകളോ വിശദീകരിക്കൽ, ഇഅ്റാബ് പറയൽ, തെറ്റുകൾ തിരുത്തൽ, തെറ്റുകൾ കണ്ടെത്താൻ ആവശ്യപ്പെടുക, ജുംലകൾ നിർമിക്കാനോ, നിശ്ചിത ഖാഇദയനുസരിച്ച് വാചക ഘടനകൾ മാറ്റാനോ നിർദേശിക്കുക, തുടങ്ങിയ രീതികളിലൂടെ മത്സരം തുടരാം.

മേൽ പറഞ്ഞ ഏതെങ്കിലും വിധേന A കോഡ് ലെറ്റർ കിട്ടിയ മത്സരാർത്ഥിയാണ് മത്സരം തുടങ്ങേണ്ടത്. B കോഡ് ലെറ്ററുള്ള വിദ്യാർത്ഥി അതിന് ശരിയായ ഉത്തരം പറഞ്ഞാൽ C യോട് ചോദിക്കാനുള്ള അവസരമുണ്ട്.

ഉത്തരം പറയാനോ ചോദ്യം ചോദിക്കാനോ കഴിഞ്ഞില്ലെങ്കിൽ ഒരു അവസരം നഷ്ടപ്പെടും. ഒരു തവണ ക്ലോക്ക് വൈസും അടുത്ത തവണ ആന്റി ക്ലോക്ക് വൈസുമായാണ് മത്സരം നടക്കേണ്ടത്.

ഉദാഹരണത്തിന് മൂന്ന് പേരുള്ള മത്സരത്തിൽ 'A' 'B' യോട് ചോദിക്കുന്നു. ശരിയുത്തരം പറഞ്ഞാൽ 'B' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കുന്നു. 'B' ശരിയുത്തരം പറഞ്ഞില്ലെങ്കിൽ 'B' ക്ക് ഒരു അവസരം നഷ്ടമാകും . 'A' യോട് ഈ ചോദ്യത്തിന്റെ ഉത്തരം പറയാൻ ആവശ്യപ്പെടണം. 'A' യുടെ ഉത്തരം തെറ്റുകയോ പറയാൻ കഴിയാതിരിക്കുകയോ ചെയ്താൽ 'A' ക്കും അവസരം നഷ്ടമാകും. പിന്നീട് 'B' 'C' യോട് ചോദ്യമുന്നയിക്കും. 'C' ഉത്തരം പറഞ്ഞില്ലെങ്കിൽ 'B' ഉത്തരം പറയണം. ശേഷം 'C' 'A' യോട് ചോദ്യ മുന്നയിക്കും. 'A' ശരിയുത്തരം പറഞ്ഞാൽ 'A' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കും. ശേഷം 'C' 'B' യോട് ചോദ്യ മുന്നയിക്കും.

നിശ്ചയിച്ച ഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ മാത്രമാണ് പരിഗണിക്കുക. ഹാശിയ, ശറഹ് തുടങ്ങിയവയിലെ ചോദ്യങ്ങൾ പരിഗണിക്കുകയില്ല. മത്സരത്തിന് വരുമ്പോൾ ചോദ്യങ്ങളുടെ നോട്സോ ഹിൻസോ കൊണ്ടുവരാൻ പാടുള്ളതല്ല. ഒരു മിനുട്ടിൽ പറഞ്ഞു തീരുന്ന ഹ്രസ്വ ഉത്തരങ്ങളുള്ള ചോദ്യങ്ങൾ മാത്രമാണ് ഉന്നയിക്കേണ്ടത്. ഉത്തരം അവ്യക്തമാവുകയോ ചോദ്യങ്ങളിൽ വ്യക്തതക്കുറവ് അനുഭവ പ്പെടുകയോ നിശ്ചയിച്ച ഭാഗത്ത് നിന്നാവാതിരിക്കുകയോ ചെയ്താൽ ചോദ്യം തള്ളപ്പെടുന്നതാണ്. പ്രസ്തുത ചോദ്യമുന്നയിച്ച മത്സരാർത്ഥിയുടെ ഒരു അവസരം നഷ്ടമാകുന്നതുമാണ്.

കുല്ലിയ്യ മത്സരത്തിൽ ഓരോ ഗ്രൂപ്പിൽ നിന്നും ദാഇറ മത്സരത്തിൽ ഓരോ കുല്ലിയ്യയിൽ നിന്നും ഒരു വിദ്യാർത്ഥി മാത്രമാണ് മത്സരത്തിൽ പങ്കെടുക്കുക. ചോദ്യങ്ങൾ മത്സരാർത്ഥികൾക്കും വിധികർത്താക്കൾക്കും വ്യക്തമാകുന്ന രീതിയിലാകണം.

ആവർത്തിക്കപ്പെടുന്ന ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ ആവർത്തിക്കുമ്പോൾ നഷ്ടപ്പെടുന്ന സമയം വീണ്ടെടുക്കാനും അനുവദിക്കില്ല. ഒരു വിദ്യാർത്ഥിക്ക് മൂന്ന് അവസരങ്ങളാണുണ്ടാവുക.

സംശയമുള്ള ഭാഗങ്ങൾ വിധി കർത്താവ് ആവശ്യപ്പെടുന്ന പക്ഷം കാണിക്കേണ്ടതാണ്. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ ഒരു അവസരം നഷ്ടപ്പെടും. കുട്ടികളുടെ പങ്കാളിത്തം, ചോദ്യങ്ങളുടെ നിലവാരം തുടങ്ങിയവ മാനദണ്ഡമാക്കി ഗ്രേഡിങ് പരിഗണിക്കാം.

## ▫ സ്വർഫ് ടെസ്റ്റ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | (ابتدائية) | **ചോദ്യ സമയം :** | അര മിനുറ്റ് |
| **ഉത്തര സമയം :** | **ഒരു** മിനുറ്റ് | **ഭാഗം :** | ميزان، أجناس الصغرى، أجناس الكبرى، زنجان إلى المعتل |

ابتدائية വിഭാഗത്തിൽ പഠിക്കുന്ന ഇൽമു സ്വർഫിലെ നിശ്ചയിച്ച ഭാഗങ്ങളിലെ നിയമങ്ങളോ മസ്അലകളോ വസ്നുകളോ , മാഹിയതോ പറയാനോ, തെറ്റുകൾ കണ്ടെത്താനോ വ്യത്യസ്ത സീഗകളുടെ ഭാഷാന്തരം ചെയ്യാനോ, മലയാളത്തിലെ സീഗകൾ അറബിയിലേക്ക് മാറ്റാനോ, സ്വർഫാക്കാനോ, ഇഅ്തിലാൽ പറയാനോ അടുത്ത മത്സരാർത്ഥിയോട് ആവശ്യപ്പെടുന്നതാണ് മത്സരം.

മേൽ പറഞ്ഞ ഏതെങ്കിലും വിധേന A കോഡ് ലെറ്റർ കിട്ടിയ മത്സരാർത്ഥിയാണ് മത്സരം തുടങ്ങേണ്ടത്. B കോഡ് ലെറ്ററുള്ള വിദ്യാർത്ഥി അതിന് ശരിയായ ഉത്തരം പറഞ്ഞാൽ C യോട് ചോദിക്കാനുള്ള അവസരമുണ്ട്.

ഉത്തരം പറയാനോ ചോദ്യം ചോദിക്കാനോ കഴിഞ്ഞില്ലെങ്കിൽ ഒരു അവസരം നഷ്ടപ്പെടും. ഒരു തവണ ക്ലോക്ക് വൈസും അടുത്ത തവണ ആന്റി ക്ലോക്ക് വൈസുമായാണ് മത്സരം നടക്കേണ്ടത്.

ഉദാഹരണത്തിന് മൂന്ന് പേരുള്ള മത്സരത്തിൽ 'A' 'B' യോട് ചോദിക്കുന്നു. ശരിയുത്തരം പറഞ്ഞാൽ 'B' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കുന്നു.

'B' ശരിയുത്തരംപറഞ്ഞില്ലെങ്കിൽ 'B'ക്ക് ഒരു അവസരം നഷ്ടമാകും . 'A' യോട് ഈ ചോദ്യത്തിന്റെ ഉത്തരം പറയാൻ ആവശ്യപ്പെടണം. 'A' യുടെ ഉത്തരം തെറ്റുകയോ പറയാൻ കഴിയാതിരിക്കുകയോ ചെയ്താൽ 'A' ക്കും അവസരം നഷ്ടമാകും. പിന്നീട് 'B' 'C' യോട് ചോദ്യമുന്നയിക്കും. 'C' ഉത്തരം പറഞ്ഞില്ലെങ്കിൽ 'B' ഉത്തരം പറയണം. ശേഷം 'C' 'A' യോട് ചോദ്യ മുന്നയിക്കും. 'A' ശരിയുത്തരം പറഞ്ഞാൽ 'A' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കും. ശേഷം 'C' 'B' യോട് ചോദ്യ മുന്നയിക്കും.

നിശ്ചയിച്ച ഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ മാത്രമാണ് പരിഗണിക്കുക. ഹാശിയ, ശർഹ് തുടങ്ങിയവയിലെ ചോദ്യങ്ങൾ പരിഗണിക്കുകയില്ല. മത്സരത്തിന് വരുമ്പോൾ ചോദ്യങ്ങളുടെ നോട്സോ ഹിൻസോ കൊണ്ടുവരാൻ പാടുള്ളതല്ല. ഒരു മിനുട്ടിൽ പറഞ്ഞു തീരുന്ന ഹ്രസ്വ ഉത്തരങ്ങളുള്ള ചോദ്യങ്ങൾ മാത്രമാണ് ഉന്നയിക്കേണ്ടത്. ഉത്തരം അവ്യക്തമായ ചോദ്യങ്ങൾ തള്ളപ്പെടുന്നതാണ്. ചോദ്യങ്ങളുടെ വ്യക്തതക്കുറവ് അനുഭവപ്പെടുകയോ നിശ്ചയിച്ച ഭാഗത്ത് നിന്നാവാതിരിക്കുകയോ ചെയ്താൽ ചോദ്യം തള്ളപ്പെടുന്നതാണ്. പ്രസ്തുത ചോദ്യമുന്നയിച്ച മത്സരാർത്ഥിയുടെ ഒരു അവസരം നഷ്ടമാകുന്നതുമാണ്.

കുല്ലിയ്യ മത്സരത്തിൽ ഓരോ ഗ്രൂപ്പിൽ നിന്നും ദാഇറ മത്സരത്തിൽ ഓരോ കുല്ലിയ്യയിൽ നിന്നും ഒരു വിദ്യാർത്ഥി മാത്രമാണ് മത്സരത്തിൽ പങ്കെടുക്കുക. ചോദ്യങ്ങൾമത്സരാർത്ഥികൾക്കുംവിധികർത്താക്കൾക്കും വ്യക്തമാകുന്ന രീതിയിൽ ചോദിക്കണം.

ആവർത്തിക്കപ്പെടുന്ന ചോദ്യങ്ങൾ പരിഗണിക്കുകയില്ല. ചോദ്യങ്ങൾ ആവർത്തിക്കുമ്പോൾ നഷ്ടപ്പെടുന്ന സമയം വീണ്ടെടുക്കാനും അനുവദിക്കില്ല. ഒരു വിദ്യാർത്ഥിക്ക് മൂന്ന് അവസരങ്ങളാണുണ്ടാവുക. സംശയമുള്ള ഭാഗങ്ങൾ വിധി കർത്താവ് ആവശ്യപ്പെടുന്ന പക്ഷം കാണിക്കേണ്ടതാണ്. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ ഒരു അവസരം നഷ്ടപ്പെടുന്നതാണ്. കുട്ടികളുടെ പങ്കാളിത്തം, ചോദ്യങ്ങളുടെ നിലവാരം തുടങ്ങിയവ ഗ്രേഡിങ്ങിന് പരിഗണിക്കാം.

## ▫ നഹ്‌വ് ടെസ്റ്റ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | (ابتدائية) | **ചോദ്യ സമയം :** | അര മിനിറ്റ് |
| **ഉത്തര സമയം :** | ഒരു മിനിറ്റ് | **ഭാഗം :** | عوامل، تقويم اللسان<br>إلى باب الاشتغال |

നിശ്ചയിച്ച ഭാഗത്ത് നിന്നുള്ള ഇൽമുന്നഹ് വിലെ നിയമങ്ങളോ മസ്അലകളോ വിശദീകരിക്കാനോ, ഇഅ്റാബ് പറയാനോ, തെറ്റുകൾ തിരുത്താനോ കണ്ടെത്താനോ, ജുംലകൾ നിർമിക്കാനോ, നിശ്ചിത ഖാഇദയനുസരിച്ച് വാചകഘടനകൾ മാറ്റാനോ അടുത്ത മത്സരാർത്ഥിയോട് ആവശ്യപ്പെടുന്നതാണ് മത്സരം.

മേൽ പറഞ്ഞ ഏതെങ്കിലും വിധേന A കോഡ് ലെറ്റർ കിട്ടിയ മത്സരാർത്ഥിയാണ് മത്സരം തുടങ്ങേണ്ടത്. B കോഡ് ലെറ്ററുള്ള വിദ്യാർത്ഥി അതിന് ശരിയായ ഉത്തരം പറഞ്ഞാൽ C യോട് ചോദിക്കാനുള്ള അവസരമുണ്ട്.

ഉത്തരം പറയാനോ ചോദ്യം ചോദിക്കാനോ കഴിഞ്ഞില്ലെങ്കിൽ ഒരു അവസരം നഷ്ടപ്പെടും. ഒരു തവണ ക്ലോക്ക് വൈസും അടുത്ത തവണ ആന്റി ക്ലോക്ക് വൈസുമായാണ് മത്സരം നടക്കേണ്ടത്.

ഉദാഹരണത്തിന് മൂന്ന് പേരുള്ള മത്സരത്തിൽ 'A' 'B' യോട് ചോദിക്കുന്നു. ശരിയുത്തരം പറഞ്ഞാൽ 'B' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കുന്നു. 'B' ശരിയുത്തരം പറഞ്ഞില്ലെങ്കിൽ 'B' ക്ക് ഒരു അവസരം നഷ്ടമാകും . 'A' യോട് ഈ ചോദ്യത്തിന്റെ ഉത്തരം പറയാൻ ആവശ്യപ്പെടണം. 'A' യുടെ ഉത്തരം തെറ്റുകയോ പറയാൻ കഴിയാതിരിക്കുകയോ ചെയ്താൽ 'A' ക്കും അവസരം നഷ്ടമാകും. പിന്നീട് 'B' 'C' യോട് ചോദ്യമുന്നയിക്കും. 'C' ഉത്തരം പറഞ്ഞില്ലെങ്കിൽ 'B' ഉത്തരം പറയണം. ശേഷം 'C' 'A' യോട് ചോദ്യ മുന്നയിക്കും. 'A' ശരിയുത്തരം പറഞ്ഞാൽ 'A' 'C' യോട് മറ്റൊരു ചോദ്യം ഉന്നയിക്കും. ശേഷം 'C' 'B' യോട് ചോദ്യ മുന്നയിക്കും.

നിശ്ചയിച്ച ഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ മാത്രമാണ് പരിഗണിക്കുക. ഹാശിയ, ശറഹ് തുടങ്ങിയവയിലെ ചോദ്യങ്ങൾ പരിഗണിക്കുകയില്ല. മത്സരത്തിന് വരുമ്പോൾ ചോദ്യങ്ങളുടെ നോട്സോ ഹിൻസോ കൊണ്ടുവരാൻ പാടുള്ളതല്ല. ഒരു മിനുട്ടിൽ പറഞ്ഞു തീരുന്ന ഹ്യസ്വമായ ഉത്തരങ്ങളുള്ള ചോദ്യങ്ങൾ മാത്രമാണ് ഉന്നയിക്കേണ്ടത്. ഉത്തരം അവ്യക്തമായ ചോദ്യങ്ങൾ തള്ളപ്പെടുന്നതാണ്. ചോദ്യങ്ങളുടെ വ്യക്തതക്കുറവ് അനുഭവപ്പെടുകയോ നിശ്ചയിച്ച ഭാഗത്ത് നിന്നാവാതിരിക്കുകയോ ചെയ്താൽ ചോദ്യം അവഗണിക്കപ്പെടും. പ്രസ്തുത ചോദ്യമുന്നയിച്ച മത്സരാർത്ഥിയുടെ ഒരു അവസരം നഷ്ടമാകും.

കുല്ലിയ്യ മത്സരത്തിൽ ഓരോ ഗ്രൂപ്പിൽ നിന്നും ദാഇറ മത്സരത്തിൽ ഓരോ കുല്ലിയ്യയിൽ നിന്നും ഒരു വിദ്യാർത്ഥി മാത്രമാണ് മത്സരത്തിൽ പങ്കെടുക്കുക.ചോദ്യങ്ങൾമത്സരാർത്ഥികൾക്കുംവിധികർത്താക്കൾക്കും വ്യക്തമാകുന്ന രീതിയിൽ ചോദിക്കണം.

ആവർത്തിക്കപ്പെടുന്ന ചോദ്യങ്ങൾ പരിഗണിക്കുകയില്ല. ചോദ്യങ്ങൾ ആവർത്തിക്കുമ്പോൾ നഷ്ടപ്പെടുന്ന സമയം വീണ്ടെടുക്കാനും അനുവദിക്കില്ല. ഒരു വിദ്യാർത്ഥിക്ക് മൂന്ന് അവസരങ്ങളാണുണ്ടാവുക. സംശയമുള്ള ഭാഗങ്ങൾ വിധി കർത്താവ് ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് സമർപ്പിക്കണം. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ ഒരു അവസരം നഷ്ടപ്പെടുന്നതാണ്. കുട്ടികളുടെ പങ്കാളിത്തം, ചോദ്യങ്ങളുടെ നിലവാരം തുടങ്ങിയവ മുൻനിർത്തി ഗ്രേഡിങ് പരിഗണിക്കാം.

## ▫ മുനാളറ

| | | | |
|---|---|---|---|
| **ഇനം :** | ഗ്രൂപ്പ് | **മീഡിയം :** | അറബിക് |
| **വിഭാഗം :** | (عالية) | **വിഷയം :** | ആദർശം/ആനുകാലികം |
| **സമയം :** | 20 മിനിറ്റ് | | |

നിശ്ചയിക്കപ്പെടുന്ന വിഷയത്തിൽ ഒരു ടീം 5 മിനിറ്റ് വിഷയമവതരിപ്പിക്കുകയും ജഡ്ജസ് തീരുമാനിക്കുന്ന ടീം പ്രസ്തുത വിഷയാവതരണം നിരൂപിച്ച് ചോദ്യമുന്നയിക്കുകയും അവതരണം നടത്തിയവർ അതിന് മറുപടി നൽകുകയും ചെയ്യുന്നതാണ് മത്സരം.

മുനാളറക്ക് രജിസ്റ്റർ ചെയ്ത എല്ലാ ടീം അംഗങ്ങൾക്കും നിരൂപിക്കാനുള്ള അവസരം ലഭിക്കുന്ന രീതിയിൽ നറുക്കെടുപ്പിലൂടെയോ മറ്റോ നിരൂപകരെ ജഡ്ജസിന് കണ്ടെത്താവുന്നതാണ്. മൊത്തം അഞ്ച് ചോദ്യങ്ങൾക്കാണ് അവസരമുണ്ടാവുക. ചോദ്യത്തിന് ഒരു മിനിറ്റും ഉത്തരത്തിന് രണ്ട് മിനിറ്റും കൂടി ആകെ 20 മിനിറ്റാണ് അനുവദിക്കപ്പെടുക. ഓരോ ഗ്രൂപ്പിലും മൂന്ന് പേരുണ്ടാവും. കുല്ലിയ്യ / ദാഇറ മത്സരങ്ങളിൽ ഒരു ആഴ്ച മുമ്പ് മത്സരാർത്ഥികൾക്ക് ആദർശം/ ആനുകാലികവുമായി ബന്ധപ്പെട്ട വ്യത്യസ്ത മൂന്ന് വിഷയങ്ങൾ നൽകണം. തെളിവുകൾ, ഉദ്ധരണികൾ തുടങ്ങിയവ ഹാജരാക്കാൻ ആവശ്യപ്പെടുന്ന പക്ഷം ജഡ്ജസിന്റെ മുമ്പാകെ സമർപ്പിക്കണം. നിരൂപണത്തിന് വ്യക്തിഗത ഗ്രേഡിങ് നൽകേണ്ടതാണ്.

## ▫ സ്പോക്കണ് ട്രാൻസ്ലേഷൻ

| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബിക് |
|---|---|---|---|
| **വിഭാഗം :** | (متوسطة ,عالية) | **സമയം :** | 3 മിനിറ്റ് |

മാതൃഭാഷയിലുള്ള നിർണ്ണയിക്കപ്പെടുന്ന വീഡിയോ ആസ്പദമാക്കിയാണ് ഭാഷാ വിവർത്തനം നടത്തേണ്ടത്. മൂന്ന് മിനുറ്റിൽ കവിയാത്ത വീഡിയോ കുല്ലിയ്യ /ദാഇറ നേരത്തെ നിർണ്ണയിക്കണം. വീഡിയോയുടെ സ്ക്രിപ്റ്റ് ജഡ്ജസിന് നേരത്തെ നൽകണം. عالية ക്കും متوسطة ക്കും വ്യത്യസ്തമായാണ് മത്സരം നടത്തേണ്ടത്. രണ്ട് വിഭാഗത്തിനും അവരുടെ നിലവാരം പരിഗണിച്ചായിരിക്കണം വീഡിയോ തിരഞ്ഞെടുക്കേണ്ടത്. കൃത്യത, വ്യക്തത, ഒഴുക്ക്, ശൈലി, ഗുണനിലവാരം, അവതരണം, വ്യാകരണം എന്നിവ പ്രധാനമായും പരിഗണിക്കണം. വിവർത്തന പ്രഭാഷണം മൂന്ന് മിനിറ്റിൽ കൂടരുത്.

## ▫ സ്പോക്കണ് ട്രാൻസ്ലേഷൻ

| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഇംഗ്ലീഷ് |
|---|---|---|---|
| **വിഭാഗം :** | (متوسطة ,عالية) | **സമയം :** | 3 മിനിറ്റ് |

മാതൃഭാഷയിലുള്ള നിർണ്ണയിക്കപ്പെടുന്ന വീഡിയോ ആസ്പദമാക്കിയാണ് ഭാഷാ വിവർത്തനം നടത്തേണ്ടത്. മൂന്ന് മിനിറ്റിൽ കവിയാത്ത വീഡിയോ കുല്ലിയ്യ /ദാഇറ നേരത്തെ നിർണ്ണയിക്കണം. വീഡിയോയുടെ സ്ക്രിപ്റ്റ് ജഡ്ജസിന് നേരത്തെ നൽകണം. عالية ക്കും متوسطة ക്കും വിത്യസ്തമായാണ് മത്സരം നടത്തേണ്ടത്. രണ്ട് വിഭാഗത്തിനും അവരുടെ നിലവാരം പരിഗണിച്ചായിരിക്കണം വീഡിയോ തിരഞ്ഞെടുക്കേണ്ടത്. കൃത്യത, വ്യക്തത, ഒഴുക്ക്, ശൈലി, ഗുണനിലവാരം, അവതരണം, വ്യാകരണം എന്നിവ പ്രധാനമായും പരിഗണിക്കണം. വിവർത്തന പ്രഭാഷണം മൂന്ന് മിനിറ്റിൽ കൂടരുത്.

## ▫ ക്വിസ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ/ അറബിക് |
| **വിഭാഗം :** | (إعدادية, ابتدائية, متوسطة, عالية) | | |

ابتدائية ,إعدادية വിഭാഗത്തിന് മാതൃഭാഷയിലും عالية ,متوسطة വിഭാഗത്തിന് അറബിയിലുമാണ് മത്സരം നടത്തേണ്ടത്. إعدادية, ابتدائية വിഭാഗത്തിന് ഫിഖ്ഹ്, അഖീദ, താരീഖ്, മുസ്ലിം ലോകം എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളും عالية ,متوسطة വിഭാഗത്തിന് ഫിഖ്ഹ്, അഖീദ, തഫ്സീർ, ഹദീസ്, താരീഖ്, ഉസൂലുൽ ഫിഖ്ഹ്, ഉസൂലുൽ ഹദീസ്, മുസ്ലിം ലോകം എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളുമാണ് ക്വിസിൽ ഉൾപ്പെടുത്തേണ്ടത്. മത്സരാർത്ഥികളുടെ നിലവാരം അനുസരിച്ചാണ് ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.

## ▫ അറബി പ്രസംഗം

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബിക് |
| **വിഭാഗം :** | ( ابتدائية, متوسطة, عالية) | | |

ابتدائية വിഭാഗത്തിന് ഒരാഴ്ച മുമ്പ് അഞ്ച് വിഷയങ്ങൾ നൽകുക, പ്രസംഗത്തിന് പത്ത് മിനിറ്റ് മുമ്പ് വിഷയം തിരഞ്ഞെടുത്ത് നൽകുക. عالية ,متوسطة വിഭാഗത്തിന് മത്സരത്തിന്റെ 10 മിനിറ്റ് മുമ്പ് വിഷയം നൽകുക.

## ▫ ഉറുദു പ്രസംഗം

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഉർദു |
| **വിഭാഗം :** | (متوسطة, عالية) | | |

മത്സരത്തിന്റെ 10 മിനിറ്റ് മുമ്പ് വിഷയം നൽകുക.

## ▫ മാതൃഭാഷ പ്രസംഗം

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | (إعدادية) | | |

മാതൃഭാഷയിലാണ് പ്രസംഗിക്കേണ്ടത്. ഒരാഴ്ച മുമ്പ് അഞ്ച് വിഷയങ്ങൾ നൽകണം, പ്രസംഗത്തിന് പത്ത് മിനിറ്റ് മുമ്പ് ജഡ്ജ് തിരഞ്ഞെടുത്ത് നൽകിയ വിഷയത്തിലാണ് പ്രസംഗിക്കേണ്ടത്.

## ▫ അറബിക് നശീദ

| | | | |
|---|---|---|---|
| **ഇനം :** | ഗ്രൂപ്പ് | **മീഡിയം :** | അറബിക് |
| **വിഭാഗം :** | (إعدادية, ابتدائية, متوسطة) | **സമയം :** | 7 മിനിറ്റ് |

മത്സരാർത്ഥി തിരഞ്ഞെടുത്ത അറബിക് നശീദ, അതിന്റെ ഉറവിടം, രചയിതാവ്, തിരഞ്ഞെടുക്കാനുള്ള കാരണങ്ങൾ, തുടങ്ങിയവ ജഡ്ജസിന് മുമ്പാകെ സമർപ്പിച്ച ശേഷം നശീദയുടെ നിയമങ്ങളനുസരിച്ച് സ്റ്റേജിൽ ആലപിക്കുന്നതാണ് മത്സരം. ദഫ് ഉപയോഗിക്കാവുന്നതാണ്. അഞ്ച് പേരിൽ കവിയാത്ത ഗ്രൂപ്പായിട്ടാണ് മത്സരം നടത്തേണ്ടത്.

## ▫ ഖിറാഅത്ത്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **സമയം :** | 5 മിനിറ്റ് |
| **വിഭാഗം :** | (إعدادية) | | |

വിധികർത്താവ് നിശ്ചയിക്കുന്ന ഭാഗം നിയമങ്ങൾ പാലിച്ച് ശബ്ദഭംഗിയോടെ ഓതുക.

## ▫ പദക്കളരി

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | (ابتدائية , إعدادية) | **ചോദ്യസമയം** | 15 സെക്കൻസ് |
| **ഉത്തര സമയം :** | 15 സെക്കൻസ് | **ഭാഗം :** | سلسلة اللغة العربية (الجزء الأول)<br>اقرأ (الجزء الأول) |

إعدادية വിഭാഗത്തിന് ജാമിഅ പ്രസിദ്ധീകരിക്കുന്ന സിൽസിലതു ലുഗതുൽ അറബിയയിലെ നിശ്ചയിക്കപ്പെടുന്ന ഭാഗത്ത് നിന്നും ابتدائية വിഭാഗത്തിന് ഇഖ്റഇലെ നിശ്ചയിക്കപ്പെടുന്ന ഭാഗത്തു നിന്നുമുള്ള അറബിക് പദങ്ങൾ പറഞ്ഞ് അതിന്റെ അർത്ഥം പറയാനും തിരിച്ചും ആവശ്യപ്പെടുന്ന മത്സരമാണിത്.

A കോഡ് ലെറ്റർ കിട്ടിയ മത്സരാർത്ഥിയാണ് പരിപാടി തുടങ്ങേണ്ടത്. ഒരു തവണ ക്ലോക്ക് വൈസിലും അടുത്ത തവണ ആന്റി ക്ലോക്ക് വൈസ് രീതിയിലുമാണ് മത്സരം നടക്കേണ്ടത്. **എല്ലാ വിദ്യാർത്ഥികളും റൗണ്ടിൽ ഒരു ചോദ്യം നേരിടുകയും ചോദിക്കുകയും ചെയ്യും.** ഏതെങ്കിലും ചോദ്യത്തിന് ഒരു മത്സരാർത്ഥിക്ക് ഉത്തരം പറയാൻ കഴിഞ്ഞില്ലെങ്കിൽ പ്രസ്തുത ചോദ്യം അടുത്തയാൾക്ക് കൈമാറേണ്ടതാണ്. ചോദ്യങ്ങൾ ആവർത്തിക്കപ്പെട്ടാൽ പരിഗണിക്കുകയില്ല. അങ്ങനെ നഷ്ടപ്പെടുന്ന സമയം വീണ്ടെടുക്കാൻ അനുവദിക്കുകയില്ല. ഒരു വിദ്യാർത്ഥിക്ക് മൂന്ന് അവസരങ്ങളാണുണ്ടാവുക. സംശയമുള്ള ഭാഗങ്ങൾ വിധി കർത്താവ് ആവശ്യപ്പെടുന്ന പക്ഷം കാണിക്കേണ്ടതാണ്. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ ഒരു അവസരം നഷ്ടപ്പെടുന്നതാണ്.

## ▫ പേപ്പർ പ്രസന്റേഷൻ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഇംഗ്ലീഷ് |
| **വിഭാഗം :** | (عالية, ابتدائية, متوسطة) | **സമയം :** | 5 മിനിറ്റ് |

നിർണ്ണയിക്കപ്പെടുന്ന വിഷയത്തെ അധികരിച്ച് അഞ്ച് പേജിൽ കവിയാത്ത പ്രബന്ധം നേരത്തെ തയ്യാറാക്കുകയും അതിനെ അടിസ്ഥാനമാക്കി വിഷയത്തെ സ്റ്റേജിൽ അവതരിപ്പിക്കുന്നതുമാണ് മത്സരം. തയ്യാറാക്കിയ പ്രബന്ധം ജഡ്ജസിന് നൽകിയതിന് ശേഷം വിഷയത്തിന്റെ മർമ്മ പ്രധാന ഭാഗങ്ങളാണ് അവതരിപ്പിക്കേണ്ടത്. കുല്ലിയ്യ, ദാഇറ തലത്തിൽ ഒരു ആഴ്ച മുമ്പ് വിഷയം നൽകേണ്ടതാണ്. കൃത്യത, വ്യക്തത, ഒഴുക്ക്, ശൈലി, ഗുണനിലവാരം, അവതരണം, ഘടന, എഴുത്തു ശൈലി, ഉള്ളടക്കം, മൗലികത, സർഗാത്മകത, ആസ്വാദനം, അക്ഷരവിന്യാസം, വ്യാകരണം എന്നിവ പരിഗണിച്ചാണ് പോയിന്റ് നൽകേണ്ടത്.

## ▫ അറബിക് കവിതാ രചന

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബിക് |
| **വിഭാഗം :** | (متوسطة, عالية) | **സമയം:** | 30 മിനിറ്റ് |

ലഭിക്കുന്ന വിഷയങ്ങളെ അധികരിച്ച് അറബിയിൽ കവിത തയ്യാറാക്കുന്നതാണ് മത്സരം. നിയമങ്ങൾ പാലിച്ചായിരിക്കണം കവിത രചന. കൃത്യത, വ്യക്തത, ഗുണനിലവാരം, എഴുത്തു ശൈലി, ഉള്ളടക്കം,മൗലികത, സർഗാത്മകത, ആസ്വാദനം, വ്യാകരണം എന്നിവ പ്രധാനമായും പരിഗണിക്കണം.

## ▫ ബുക്ക് റിവ്യൂ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഇംഗ്ലീഷ് |
| **വിഭാഗം :** | (متوسطة, عالية) | **റിവ്യൂ സമയം:** | അര മണിക്കൂർ |

നിർണ്ണയിക്കപ്പെടുന്ന മലയാള പുസ്തകങ്ങളെ ആസ്പദമാക്കിയാണ് റിവ്യൂ നടക്കുക. متوسطة ക്കും عالية ക്കും വ്യത്യസ്തമായാണ് മത്സരം നടത്തേണ്ടത്. പുസ്തകം തിരഞ്ഞെടുക്കുമ്പോൾ രണ്ട് വിഭാഗത്തിന്റെയും നിലവാരം പരിഗണിക്കണം. റിവ്യൂ പുസ്തകം കുല്ലിയ്യ / ദാഇറ ഒരു ആഴ്ച

മുമ്പ് നൽകണം. അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ പുസ്തകത്തെ ക്കുറിച്ച് രണ്ടു പുറത്തിൽ കവിയാത്ത റിവ്യൂ തയ്യാറാക്കുക.

രചയിതാവിനെക്കുറിച്ചുള്ള പരിചയം, പുസ്തകത്തിന്റെ പേരും ഉള്ളടക്കവുമായുള്ള ബന്ധം, പുസ്തകത്തിന്റെ ഇനം (ഉദാ. സയൻസ്/ ചരിത്രം/സാഹിത്യം/ആത്മകഥ...) പുസ്തകത്തിന്റെ ക്രമീകരണവും സെറ്റിങ്ങും, ആദ്യാവസാനം പുസ്തകം നൽകുന്ന സ്വാധീനം, തീമിന്റെ പ്രസക്തി, ഉദ്ധരിക്കാൻ പറ്റുന്നതും ആകർഷകമായുതുമായ ഭാഗങ്ങൾ ഉദാഹരിക്കൽ, അനുവാചകരുടെ ആസ്വാദനം, വിഷയത്തിന്റെ കാലിക പ്രസക്തി എന്നിവ അടിസ്ഥാനമാക്കിയാണ് റിവ്യു നടത്തേണ്ടത്. വ്യക്തത, ഘടന, എഴുത്തു ശൈലി, ഉള്ളടക്കം, മൗലികത, സർഗാത്മകത, ആസ്വാദനം, അക്ഷരവിന്യാസം, വ്യാകരണം എന്നിവ പരിഗണിച്ചാണ് പോയിന്റ്.

## ▫ ബുക്ക് ക്രിറ്റിസിസം

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബിക് |
| **വിഭാഗം :** | (متوسطة, عالية) | **നിരൂപണ സമയം:** | അര മണിക്കൂർ |

അറബിപുസ്തകത്തിന്റെ നിരൂപണമാണ് ബുക്ക് ക്രിറ്റിസിസം. രാഷ്ട്രീയം, സാമൂഹികം, സാഹിത്യം, സാംസ്കാരികം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പുസ്തകമാണ് പരിഗണിക്കേണ്ടത്. ഗ്രന്ഥകർത്താവിന്റെ പശ്ചാത്തലവും പുസ്തകത്തിന്റെ ഉള്ളടക്കവും അന്വേഷിച്ച് ഗ്രന്ഥം നിരൂപണ വിധേയമാക്കണം. ഉള്ളടക്കം, സ്റ്റൈൽ, ഘടന, സ്വാധീനം എന്നിവയെല്ലാം നിരൂപിക്കാവുന്നതാണ്. പുസ്തകത്തിലെ തെളിവുകൾ സഹിതമാണ് നിരൂപണമുണ്ടാകേണ്ടത്.

വ്യക്തത, ഘടന, എഴുത്തു ശൈലി, മൗലികത, സമർത്ഥന രീതി, വ്യാകരണം എന്നിവ പരിഗണിച്ചാണ് നിരൂപണത്തിന് പോയിന്റ് നൽകേണ്ടത് متوسطة ക്കും عالية ക്കും വ്യത്യസ്തമായാണ് മത്സരം നടത്തേണ്ടത്. പുസ്തകം തിരഞ്ഞെടുക്കുമ്പോൾ രണ്ട് വിഭാഗത്തിന്റെയും നിലവാരം പരിഗണിക്കണം. പുസ്തകം കുല്ലിയ്യ /ദാഇറ ഒരു ആഴ്ച മുമ്പ് മത്സരാർത്ഥികൾക്ക് നിർണ്ണയിച്ച് നൽകണം. അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ തന്നിട്ടുള്ള പുസ്തകത്തെ ആസ്പദമാക്കി രണ്ട് പുറത്തിൽ കവിയാത്ത നിരൂപണമാണ് തയ്യാറാക്കേണ്ടത്.

## ▫ ബുക്ക് റൈറ്റിംഗ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബിക് |
| **വിഭാഗം :** | (متوسطة, عالية) | **സമയം:** | രണ്ട് മണിക്കൂർ |

കുല്ലിയ്യ /ദാഇറഃ ഒരു ആഴ്ച മുമ്പ് മത്സരാർത്ഥികൾക്ക് വിഷയം നിർണ്ണയിച്ച് നൽകണം. നേരത്തെ നൽകിയ വിഷയങ്ങൾ ആസ്പദമാക്കി അറബിയിൽ രചന നടത്തലാണ് മത്സരം. രണ്ട് മണിക്കൂറിനുള്ളിൽ 20 പേജിൽ കുറയാത്ത വിധത്തിൽ രചന നടത്തണം. പുസ്തകത്തിന്റെ മുഖവുര, ഉള്ളടക്കം, വിഷയക്രമീകരണം, ഹെഡിംഗ്, സബ് ഹെഡിംഗ്, അവലംബങ്ങൾ തുടങ്ങിയവ കൃത്യമായി ചിട്ടപ്പെടുത്തിയതായിരിക്കണം രചന.

## ▫ ഐഡിയൽ ഡയലോഗ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മലായാളം |
| **വിഭാഗം :** | (عالية) | **സമയം:** | അഞ്ച് മിനിറ്റ് |

ശർഹുൽ അഖാഇദ് അടിസ്ഥാനമാക്കി ഒരു വിഷയത്തെ സമർത്ഥിച്ച് സംസാരിക്കലാണ് മത്സരം. കുല്ലിയ/ ദാഇറ വിഭാഗങ്ങൾക്ക് ഒരു ആഴ്ച മുമ്പ് ശർഹുൽ അഖാഇദിലെ ഭാഗം നിർണ്ണയിച്ച് നൽകണം. മത്സരത്തിന്റെ പത്ത് മിനിറ്റ് മുമ്പ് വിഷയം നൽകേണ്ടതാണ്. വിഷയത്തിലെ കൃത്യത, വ്യക്തത, അവതരണ രീതി, സമർത്ഥന രീതി, ഭാഷ, സമഗ്രത ഇവയെല്ലാം മത്സരത്തിൽ പരിഗണിക്കുന്നതാണ്.

## ▫ ന്യൂസ് റീഡിംഗ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഇംഗ്ലീഷ് |
| **വിഭാഗം :** | (متوسطة, عالية) | **സമയം:** | അഞ്ച് മിനിറ്റ് |

മത്സരത്തിന്റെ പത്ത്  മിനിറ്റ് മുമ്പ് ലഭിക്കുന്ന നിശ്ചിത വിഷയങ്ങളിൽ ന്യൂസ് തയ്യാറാക്കി അവതരിപ്പിക്കുന്നതാണ് മത്സരം. കൃത്യത, വ്യക്തത, ഒഴുക്ക്, വേഗത, ആശയ ഗ്രാഹ്യത, ശബ്ദ ക്രമീകരണം തുടങ്ങിയ കാര്യങ്ങളാണ് പരിഗണിക്കുക.

## ▫ ഇഫ്താഅ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | (عالية) | **സമയം:** | അര മണിക്കൂർ |

ഫിഖ്ഹീ മസ്അല കണ്ടെത്തലും ഫത്‌വ രൂപത്തിൽ  വിവിധ തലങ്ങൾ പരാമർശിച്ച് കൊണ്ടുള്ള വിശദീകരണം നൽകലുമാണ് മത്സരം. ശാഫിഈ മദ്ഹബിലെ ആധികാരിക ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് മസ്അല കണ്ടെത്തേണ്ടത്. കുല്ലിയ്യ/ ദാഇറ ഇനങ്ങൾക്ക്  ഓരാഴ്ച മുമ്പ് ബാബ് നിർണ്ണയിച്ച് നൽകേണ്ടതാണ്. വിശദീകരിച്ചെഴുതേണ്ട ചോദ്യങ്ങളാണ് നൽകേണ്ടത്.  വിഷയത്തിലെ കൃത്യത, വ്യക്തത, അവതരണ രീതി, ഭാഷ, സമഗ്രത എന്നിവയെല്ലാം മത്സരത്തിൽ പരിഗണിക്കുന്നതാണ്.

## ▫ റിട്ടൺ ട്രാൻസ്ലേഷൻ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഉർദു |
| **വിഭാഗം :** | (متوسطة, عالية) | **സമയം:** | പതിനഞ്ച് മിനിറ്റ് |

മാതൃഭാഷയിൽ നിശ്ചിത ഭാഗം നൽകി എഴുത്തിലൂടെ ഭാഷാന്തരം ചെയ്യലാണ് മത്സരം. മൂലഭാഷയുടെ ആശയം നഷ്ടപ്പെടാത്ത നിലയിൽ ഭാഷ, വ്യാകരണ പ്രശ്നങ്ങളില്ലാതെ വിവർത്തനം ചെയ്യണം. കൃത്യത, ഒഴുക്ക്, ശൈലി,  ഗുണനിലവാരം, എഴുത്ത് നിയമങ്ങൾ, ചിഹ്നം എന്നിവ പരിഗണിക്കണം.

## ▫ വായന മത്സരം

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബി |
| **വിഭാഗം :** | (إعدادية, ابتدائية, متوسطة, عالية) | **സമയം:** | മൂന്ന് മിനിറ്റ് |

വിധി കർത്താവ് നിശ്ചയിക്കുന്ന അറബി ഇബാറത്താണ് വായിക്കേണ്ടത്. മഖ്റജ്, ഇഅ്റാബ്, കൃത്യത, വ്യക്തത, ഒഴുക്ക്, വേഗത, ആശയ ഗ്രാഹ്യത, ശബ്ദ ക്രമീകരണം തുടങ്ങിയ കാര്യങ്ങളാണ് പരിഗണിക്കുക.

## ▫ ബലാഗ ടെസ്റ്റ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബി |
| **വിഭാഗം :** | (متوسطة, عالية) | **സമയം:** | 20 മിനിറ്റ് |

വ്യത്യസ്ത ബലാഗ നിയമങ്ങളുള്ള ആയത്തുകൾ, ഹദീസുകൾ, പദ്യങ്ങൾ, ഗദ്യങ്ങൾ, മൗലിദുകൾ തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന് മത്സരത്തിന് തൊട്ടുമുമ്പായി നൽകിയതിന് ശേഷം ബലാഗ പ്രയോഗങ്ങളും സാങ്കേതിക സംജ്ഞകളും നിയമങ്ങളും വിശദീകരിച്ച് എഴുതുന്നതാണ് മത്സരം.

## ▫ ഇംലാഅ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | അറബി |
| **വിഭാഗം :** | (إعدادية, ابتدائية) | **സമയം:** | 10 മിനിറ്റ് |

രണ്ട് മിനിറ്റ് ദൈർഘ്യമുള്ള പ്രഭാഷണ ക്ലിപ്പ് സാവധാനം പ്ലേ ചെയ്യുന്നത് കേട്ടെഴുതലാണ് മത്സരം. ഖത്തു നസ്ഖിലെ നിയമങ്ങൾ അനുസരിച്ചാണ് വിധി നിർണ്ണയിക്കേണ്ടത്. വ്യക്തത, വൃത്തി, ആകൃതി, ഭംഗി, കൃത്യത, ഒഴുക്ക്, ശൈലി, അക്ഷരശുദ്ധി, ഗുണനിലവാരം, എഴുത്ത് നിയമങ്ങൾ, ചിഹ്നം എന്നിവ പരിഗണിക്കണം.

## ▫ ഹാൻഡ് റൈറ്റിംഗ്

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | ഇംഗ്ലീഷ് |
| **വിഭാഗം :** | (إعدادية, ابتدائية) | **സമയം:** | 10 മിനിറ്റ് |

രണ്ട് മിനിറ്റ് ദൈർഘ്യമുള്ള ശബ്ദ ക്ലിപ് സാവധാനം പ്ലേ ചെയ്യുന്നത് കേട്ടെഴുതലാണ് മത്സരം. വ്യക്തത, വൃത്തി, ആകൃതി, ഭംഗി, കൃത്യത, അക്ഷരശുദ്ധി, ഗുണനിലവാരം, എഴുത്ത് നിയമങ്ങൾ, ചിഹ്നം എന്നിവ പ്രധാനമായും പരിഗണിക്കണം.

## ▫ ഹിഫ്ളുൽ മുതൂൻ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം :** | മാതൃഭാഷ |
| **വിഭാഗം :** | ابتدائية: (الجميع) عقيدة العوام<br><br>متوسطة: جوهرة التوحيد من بيت «واجزم بأن أولا مما يجب.... إلى بيت (وصف شهيدا الحرب بالحياة»/104 بيتا )<br><br>عالية: جمع الجوامع (مقدمة الكتاب) | **സമയം:** | 10 മിനിറ്റ് |

ആശയം ഗ്രഹിച്ചാണ് മനഃപ്പാഠമാക്കേണ്ടത്. മസ്അല പറഞ്ഞ് മത്ന് പറയാൻ ആവശ്യപ്പെട്ടും തിരിച്ചും മത്സരം നടത്താം. ജാമിഅ നൽകുന്ന നുസ്ഖയാണ് ഹിഫ്ളിന് പരിഗണിക്കേണ്ടത്. കൃത്യത, ശരിയായ ഉച്ചാരണം, ഒഴുക്കുള്ള പാരായണം എന്നിവയും മാർക്കിന് പരിഗണിക്കാം.

## ◻ ഹിഫ്ളുൽ ഖുർആൻ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **സമയം:** | 10 മിനിറ്റ് |
| **വിഭാഗം :** | (إعدادية, ابتدائية) | إعدادية | ജുസ്അ് അമ്മ |
| | | ابتدائية | ജുസ്അ് അമ്മ<br>യാസീൻ, മുൽക്<br>വാഖിഅ, |

നിശ്ചയിക്കപ്പെട്ട ഭാഗങ്ങളിൽ നിന്ന് വിധികർത്താവ് സെലക്ട് ചെയ്യുന്ന സൂറത്തുകൾ/ ആയത്തുകൾ തജ്‌വീദ് നിയമത്തോടെ മനഃപാഠം ഓതുന്നതാണ് മത്സരം.

## ◻ ശർഹുൽ മുതൂൻ

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം** | അറബി |
| **വിഭാഗം :** | متوسطة: قرة العين<br><br>(من فصل في صفة الصلاة<br>إلى فصل في صلاة النفل ) | **സമയം :** | 30 മിനിറ്റ് |
| | عالية: منهاج الطالبين<br><br>(من باب الحيض إلى كتاب<br>صلاة الجماعة ) | | |

മുകളിൽ നൽകിയ മത്നുകളിൽ നിന്ന് നിശ്ചിത ഭാഗം ശർഹ് ചെയ്യാൻ ആവശ്യപ്പെടുക. പ്രയാസമാകുന്ന പദങ്ങളുടെയും ഘടനയുടെയും അർത്ഥം, ആവശ്യമായ സ്ഥലങ്ങളിലെ വിശദീകരണം, ഇഅ്റാബ്, ഘടന, ശൈലി എന്നിവയാണ് മാർക്കിന് പരിഗണിക്കേണ്ടത്.

## ▫ ഡോക്യുമെന്ററി പ്രസന്റേഷൻ (متوسطة, عالية)

| | | | |
|---|---|---|---|
| **ഇനം :** | വ്യക്തിഗതം | **മീഡിയം** | മാതൃഭാഷ |
| **വിഭാഗം:** | (متوسطة, عالية) | **സമയം:** | 10 മിനിറ്റ് |

നിശ്ചിത വിഷയത്തെ അടിസ്ഥാനമാക്കിയാണ് മത്സരം നടത്തേണ്ടത്. പ്രസന്റേഷന്റെ സ്ക്രിപ്റ്റ് കൂടി വിധി നിർണ്ണയത്തിന് പരിഗണിക്കുന്നതാണ്. വിഷയത്തെ ആധികാരികമായി പഠിച്ച് പത്തു മിനിറ്റിൽ കവിയാത്ത പ്രസന്റേഷനാണ് നടത്തേണ്ടത്. ഉള്ളടക്കത്തിന്റെ വ്യക്തത, വിഷ്വൽ ആൻഡ് ഓഡിയോ ക്ലാരിറ്റി, ഗവേഷണാത്മകത, ആധികാരികത, സർഗ്ഗാത്മകത, മൗലികത, ക്രമീകരണം, ടൈം മാനേജ്മെന്റ്, ഹൃദയ സ്പർശ്യത, ആകർഷകമായ ഡെലിവറി എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് പ്രസന്റേഷൻ വിലയിരുത്തേണ്ടത്.